തൃശ്ശൂർ പൂരത്തോടനുബന്ധിച്ച് കേരള സാഹിത്യ അക്കാദമി ഹാളിൽ അക്ഷരശ്ലോകമത്സരം നടക്കുകയാണ്. കാലം ഏതാണ്ട് ഒന്നര പതിറ്റാണ്ടിന് മുൻപ്.
അവസാന റൗണ്ടിലെത്തുമ്പോൾ കാണികളായ അക്ഷരശ്ലോക പ്രേമികളും മത്സരാർത്ഥികൾക്കൊപ്പം വീർപ്പടക്കി നിൽക്കുന്ന നിമിഷം.

"ശ്രീകാന്തനും വസുമതീകാന്തനും ബത
സതീകാന്തനും നിലയമായ്
ശ്രീകാന്തമായഖില ലോകാന്തതത്വമയമേ
കാന്തശക്തിവരദേ
ഹേ.. കാന്തരൂപിണീ അനേകാന്തപുണ്യ-
ഗുണമേകാന്തരത്തിൽ മരുവും
മൂകാന്തകേ സകല ലോകാംബികെ തരിക
മൂകാംബികേ മമ ശിവം"
എന്ന ശ്ലോകം ചൊല്ലി ഒരേഴാം ക്ളാസ്സുകാരി
കമലാകരമേനോൻ സ്മാരക സുവർണമുദ്ര സ്വന്തമാക്കി.
അന്നത്തെ ആ കൊച്ചു മിടുക്കിയാണ് ഇന്നത്തെ നമ്മുടെ ദളത്തെ സമ്പുഷ്ടമാക്കുന്നത്.

സ്വാതി അനൂപ്,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
വാണിയംകുളം ശാഖ.

ഒറ്റപ്പാലം സ്വദേശിയും എയർ ഫോഴ്സ് ഉദ്യോഗസ്ഥനുമായിരുന്ന നന്ദകുമാറിന്റെയും പനയൂർ ടി എം യു പി സ്കൂൾ ടീച്ചറായിരുന്ന ഗീതയുടെയും മകളായ സ്വാതി എൽ കെ ജി മുതൽ പ്ലസ് ടു വരെ പഠിച്ചത് ഒറ്റപ്പാലം എൽ എസ് എൻ ജി എച്ച് എസ് എസിൽ ആയിരുന്നു.

ടീച്ചർ ആയിരുന്നത് കൊണ്ട് അമ്മ സ്വാതിയുടെയും സഹോദരി കാർത്തികയുടെയും പഠന കാര്യത്തിലും പാഠ്യേതര കാര്യങ്ങളിലും ഏറെ ശ്രദ്ധ ചെലുത്തിയിരുന്നു. അത് കൊണ്ട് തന്നെ സ്കൂൾ കാലത്ത് ശാസ്ത്രീയ സംഗീതം, ലളിതസംഗീതം, കഥാപ്രസംഗം, പദ്യപാരായണം, മോണോ ആക്ട് എന്നിവയിലെല്ലാം സ്വാതി പങ്കെടുക്കുമായിരുന്നു. എല്ലാറ്റിനും അമ്മയുടെ പരിശീലനവും അച്ഛന്റെ പിന്തുണയും സ്വാതിക്ക് ഊർജമായി.

ചെറിയ ക്ലാസ്സിൽ അരവിന്ദൻ മാഷിൽ നിന്നും സംഗീതം അഭ്യസിച്ചു തുടങ്ങിയ സ്വാതി പിന്നീട് ചാന്ദിനി ടീച്ചർ, വത്സല ടീച്ചർ തുടങ്ങിയ ഗുരുക്കന്മാരുടെ ശിക്ഷണത്തിൽ സംഗീത പഠനം തുടർന്നു. പക്ഷേ ഇതിനിടയിലും സ്വാതിക്കേറെ പ്രിയം ചുനങ്ങാട് രാമചന്ദ്രഅയ്യർ സാറിനെയും അദ്ദേഹത്തിന്റെ അക്ഷരശ്ലോക പരിശീലനവും ആയിരുന്നു. കിട്ടുന്ന അവസരങ്ങളിലെല്ലാം സ്വാതി ക്ഷേത്രങ്ങളിലും

അല്ലാതെയും നടക്കുന്ന സദസ്സുകളിൽ പങ്കാളിയായി. ഏറെ ഓർമ്മശക്തിയും അവസരോചിതമായി അത് പ്രകടിപ്പിക്കാനുള്ള കഴിവും അവശ്യം വേണ്ട ഒന്നാണ് അക്ഷരശ്ലോകമത്സരം എന്നാണ് സ്വാതിയുടെ അഭിപ്രായം. മാത്രമല്ല ഇതിന് വേണ്ടിയുള്ള പരിശീലനം തന്റെ പഠനത്തെയും ഏറെ സഹായിച്ചിട്ടുണ്ടെന്ന് സ്വാതി പറയുന്നു.

പ്ലസ് ടുവിന് ശേഷം പാലപ്പുറം എൻ എസ് എസ് കോളേജിൽ ഊർജതന്ത്രത്തിൽ ബിരുദത്തിന് ചേർന്ന സ്വാതി കവിതാപാരായണം, അക്ഷരശ്ലോകം തുടങ്ങിയ ഇനങ്ങളിൽ കോളേജ് തലത്തിലും ഇന്റർസോൺ തലത്തിലും നിരവധി സമ്മാനങ്ങൾ നേടുകയും ചെയ്തു.

ബിരുദം നേടിയ പിറകേ പി ജി ഡി സി എ കൂടി സ്വന്തമാക്കി തന്റെ സ്വപ്നമായ ബാങ്ക് ജോലിക്ക് വേണ്ടിയുള്ള പരിശീലനത്തിലായി പിന്നെ സ്വാതി. ഒടുവിൽ 2013ൽ എസ് ബി ടി യിലൂടെ ബാങ്ക് ജീവനക്കാരിയായി. അതും ഒറ്റപ്പാലം ശാഖയിൽ തന്നെ.

പഠനകാലത്ത് തുടങ്ങിയ, ഏതാണ്ട് ഏഴ് കൊല്ലം നീണ്ട പ്രണയയാത്ര ഒരു കരക്കടുത്തത് 2017ൽ ആണ്. ജീവിതത്തെ മധുരതരമാക്കിക്കൊണ്ട് മധുര കോട്ട്സിന്റെ ബാംഗ്ലൂർ ഓഫീസിൽ ഉദ്യോഗസ്ഥനായ അനൂപ് കുമാർ സ്വാതിയുടെ ജീവിതത്തുടിപ്പിന്റെ താളമായി. ആ വർഷം തന്നെ ബാങ്ക് ലയനത്തെ തുടർന്ന് സ്വാതി വാണിയംകുളം ശാഖയിലേക്ക് എത്തുകയും ചെയ്തു.

ബാങ്ക് വിട്ടുള്ള സമയം മുഴുവൻ രണ്ടര വയസ്സുള്ള മകൻ ശ്രേയാൻഷിന് പിന്നാലെ ഓടിത്തീർക്കുമ്പോൾ തന്റെ ഇഷ്ടങ്ങളൊക്കെ ഒരു വശത്തേക്ക് മാറ്റി വയ്ക്കുന്നു സ്വാതി. ഇടക്ക് കിട്ടുന്ന ചെറിയ ഒഴിവുവേളകളിൽ സംഗീതം കേൾക്കാൻ സമയം കണ്ടെത്തുന്ന സ്വാതിക്ക് ഹിന്ദി, ഇംഗ്ലീഷ് ഗാനങ്ങളോട് വല്ലാത്തൊരിഷ്ടം തോന്നാറുണ്ട് ഇപ്പോൾ. സംഗീതം ഒന്ന് തേച്ചമിനുക്കാൻ കൊതിച്ചിരിക്കുമ്പോഴാണ് ഈ ഗ്രൂപ്പിലേക്ക് സ്വാതി ചേക്കേറുന്നത്. ഇന്ന് സ്വാതിയുടെ ഇഷ്ടങ്ങളിൽ പ്രിയപ്പെട്ട ഒന്നാണ് ഈ ഗ്രൂപ്പ്. ഇതിൽ ചുരുക്കം ചില പാട്ടുകളാണ് സ്വാതി പോസ്റ്റ് ചെയ്തതെങ്കിലും ഏറെ ഇഷ്ടം തോന്നുന്നവയാണ് അതിൽ ഓരോന്നും.
തിരക്കുകൾക്കിടയിൽ രണ്ട് വർഷം യോഗ പഠിക്കുകയും പരിശീലിക്കുകയും ചെയ്ത സ്വാതി അത് ജീവിതചര്യ ആക്കാനും സമയം കണ്ടെത്തുന്നുണ്ട്.

"നിങ്ങളെ കണ്ടതിൽ സന്തോഷം, നിങ്ങൾ എവിടെയായിരുന്നു?"
എന്ന് തുടങ്ങുന്ന ടെയ്ലർ സ്വിഫ്റ്റിന്റെ ബ്ലാങ്ക് സ്പേസ് വളരെ മനോഹരമായാണ് സ്വാതി ഗ്രൂപ്പിൽ അവതരിപ്പിച്ചത് എന്ന് ഓർക്കുന്നുണ്ടാവുമല്ലോ?മായാനദിയിലൂടെ പ്രശസ്തമായ ബാവ് റാ മൻ എന്ന ഗാനത്തിന് നൽകിയ ഭാവതീവ്രതയും മറക്കാൻ കഴിയില്ല.

ഇടയ്ക്കിടെ ബാങ്ക് നടത്തുന്ന ചില മീറ്റുകളിലും മറ്റും പാടാൻ കഴിയുന്നുണ്ടെങ്കിലും സംഗീതം ഇനിയും ഏറെ പഠിക്കണം എന്നാണ് സ്വാതിയുടെ ഒരു വലിയ മോഹം.
മകൻ പാട്ട് പഠിക്കാറാകുമ്പോൾ അവനെ പഠിപ്പിക്കണമെന്നും അന്ന് കൂടെ പഠിക്കണമെന്നും ഉള്ളത് സ്വാതിയുടെ വലിയ ആഗ്രഹങ്ങളിൽ ഒന്നാണ്.

സ്വാതി അവതരിപ്പിച്ചത് ഓരോന്നും വ്യത്യസ്തമായ പാട്ടുകളായിരുന്നു.
ഓരോന്നിനും അതിന്റെ ഭംഗിയും ഉണ്ടായിരുന്നു.
കൂടുതൽ പാട്ടുകളുമായി ഗ്രൂപ്പിൽ സജീവമാകാനും പാട്ടിന്റെ വഴിയിൽ ഏറെ സഞ്ചരിക്കാനും സ്വാതിക്ക് കഴിയട്ടെ എന്ന് ഹൃദയപൂർവം ആശംസിക്കുന്നു.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്

-----------------------------------------------------------------------------------------------

Whilst ‘Aksharaslokam’ (sloka chanting)competition was being held at Kerala Sahithya Academy Hall in connection with Thrissur Pooram almost a decade and a half years ago, the onlookers paused their breath taken over by fervour when it reached the final stage.

‘Srikanthanum Vasumathikanthanum Bata
“Satikantanum nilayamay
Srīkantamaya lokanthathathwamayame
kantasaktivarade
Hey kantarupiṇi anekantapuṇya
guṇamekantarattil maruvum
Mookantake sakala lokambike tarika
Mookambike mama sivam”

Recited the seventh grade girl and bagged the Kamalakara Menon Memorial Gold Medal.

It is this girl that we are about to introduce to you all through this column today.

Swathi Anup,
State Bank of India,
Vaniyamkulam Branch.

Swathi was born to Mr Nandakumar, a native of Ottappalam and an Air Force officer, and Geetha, a teacher, at TMUP school, Panayur.Swathi had her schooling from LKG to Plus Two at LSNG HSS, Ottapalam.

Being a teacher, her mother used to pay keen attention to Swathi and her sister Karthika's academics as well as extra-curricular activities. Swathi used to participate in classical music, light music, storytelling, recitation and mono act at school. She started learning music from Aravindan Master at a tender age and later proceeded with it under the tutelage of gurus like Chandini Teacher and Valsala Teacher. Be that as it may, what Swathi enjoyed the most was learning Aksharaslokam under the tutelage of Chunangad Ramachandra Iyer.Swathi marked her indelible presence through her perfomances at temples and on other stages. Swathi opines that getting trained in Aksharaslokam helped her a lot in her studies too.

After completing Plus Two, Swathi graduated in Physics from NSS College, Palappuram.She won several prizes in Recitation and Aksharaslokam at College Level and Interzone Level.

After completing graduation, she did PGDCA and not so long after joined SBT in 2013 at the Ottapalam branch.

The nearly seven-year-long journey of love that had it's onset during her studies came to fruition in 2017 when she got hitched to Mr Anup Kumar ,an officer in the Bangalore office of Madurai Coats. Following the bank merger, Swathi moved to Vaniyamkulam branch around the same time.

She puts all her wishes aside as she spends time with her two and a half year old son Shreyansh once she gets back to home from work.Swathi is more passionate about Hindi and English songs. She joined Talented Banker's group when she ardently wanted to brush up her talent in singing.This is one of her favourite groups today. She learned yoga for two years and strictly follows it even in her busy schedules.

"Nice to meet you, where have you been?"
Taylor Swift's Blank Space which begins with the above wordings was beautifully presented by Swathi.The song Bawra Man from the movie Mayanadi grabbed the attention of many.

Despite the opportunities to sing at bank's meetings, Swathi desires to learn music more and get her son trained in music as well.

Talented Bankers Community sincerely hopes that Swathi will be able to be persistently active in the group and explore novel heights in singing.